LIBRARY ARCHIVES Kerala Legislative Assembly

താന്നി, പൂന്തുറ-വലിയതുറ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ NABARD RIDF XXVI-ൽ ഉൾപ്പെടുത്തി 7.14 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തി പുറത്തൂർ പഞ്ചായത്തിലെ പള്ളിക്കടവിൽ നടപ്പിലാക്കിയിട്ടുണ്ട്. സമഗ്രമായ പദ്ധതി നിലവിൽ ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്.

(സി) തുടരെയുണ്ടാകുന്ന കടലാക്രമണത്തിൽനിന്നും തീരദേശത്തെ സംരക്ഷിക്കാൻ സമഗ്രമായ പദ്ധതി നടപ്പിലാക്കുമോ; വിശദാംശങ്ങൾ നൽകാമോ?

കിഫ്ബി ധനസഹായത്തോടെ തെരഞ്ഞെടുത്ത തീരപ്രദേശങ്ങളിൽ ചുവടെ പറയുന്ന തീരസംരക്ഷണ പ്രവൃത്തികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു.

ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

267(2304) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഫിഷറീസ് വകുപ്പ് വഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി, സാങ്കേതികാനുമതി, കരാർ വച്ച തീയതി, നിലവിലുള്ള പുരോഗതി എന്നിവ വിശദമാക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

കായലിനടിത്തട്ടിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ

268(2305) ശ്രീ. പി. പി. ചിത്തരഞ്ജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തൊഴിലാളികളുടെ സഹായത്തോടെ കായലിനടിത്തട്ടിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കംചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) ഉണ്ട്. വേമ്പനാട് കായലിലെയും ബന്ധപ്പെട്ട തോടുകളിലെയും എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കംചെയ്ത് കായലിന്റെ പരിസ്ഥിതി സംരക്ഷിക്കുക, അതിന്റെ ആവാസ വ്യവസ്ഥ നിലനിർത്തി കായലിലെ ഒഴുക്ക് തടസ്സംകൂടാതെ പുന:സ്ഥാപിക്കുക, വേമ്പനാട് കായലിനെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പുവരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ 2020-21 സാമ്പത്തിക വർഷത്തിൽ ജില്ലയിൽ നടപ്പാക്കിയ പദ്ധതിയാണ് 'വേമ്പനാട് കായൽ പാരിസ്ഥിതിക വീണ്ടെടുക്കൽ യജ്ഞം'. അതനുസരിച്ച് വേമ്പനാട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന മുഹമ്മ, വയലാർ, പെരുമ്പളം, നെടുമുടി, മണ്ണഞ്ചേരി, വെളിയനാട്, അരൂർ, ഇറവൂർ, തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി തുടങ്ങിയ 9 പഞ്ചായത്തുകളിലെ കായലിലേയും കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന തോടുകളിലേയും എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനുംവേണ്ടി ബന്ധപ്പെട്ട പഞ്ചായത്തുകൾ പ്രൊപ്പോസലുകൾ നൽകിയതനുസരിച്ച് ടി പദ്ധതി പ്രവർത്തനങ്ങൾക്കായി 50,71,721 രൂപ (അമ്പത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി എഴുന്നൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ വേമ്പനാട് ക്ലീനിംഗ് പദ്ധതിക്കായി ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കായൽ സംരക്ഷിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനുമായി നടപടികൾ സ്വീകരിക്കുന്നതിന് ജനകീയ ക്യാമ്പയിൻ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ വേമ്പനാട് കായൽപ്രദേശമുൾപ്പെടുന്ന പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ എം.പി.-മാർ, എം.എൽഎ.-മാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ കളക്ടർമാർ, ഫിഷറീസ്, ജലസേചനം, തദ്ദേശഭരണ സ്ഥാപനം, കൃഷി തുടങ്ങിയ വകുപ്പുകളിലെ ജില്ലാ ഓഫീസർമാരെ ഉൾപ്പെടുത്തി 3-7-2021-ൽ സർക്കാർതലത്തിൽ ഒരു യോഗം ചേർന്നു. യോഗത്തിൽ ബ്ലോക്ക്/പഞ്ചായത്ത്/വാർഡ് തലത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റിയുടെ രൂപീകരണ പ്രവർത്തനം പ്രാദേശിക തലത്തിൽ നടന്നുവരുന്നു.